ചെക്ക്ഡാം നിർമ്മാണത്തിന് സ്ഥലപരിശോധന നടത്തി വിശദമായ ഡിസൈൻ തയ്യാറാക്കേണ്ടതുണ്ടായിരുന്നു. ഇപ്രകാരമുള്ള പരിശോധനകൾ പൂർത്തീകരിച്ച് ജലസേചന വകുപ്പിന്റെ ഡിസൈൻ വിഭാഗത്തിൽ പദ്ധതിയുടെ രൂപരേഖയും അതനുസരിച്ചുള്ള എസ്റ്റിമേറ്റും തയ്യാറാക്കി കഴിഞ്ഞു. RIDF XIII-ന്റെ കാലാവധി 31-3-2011-ൽ അവസാനിക്കുന്നതു കാരണം ഈ ജോലി RIDF XIII-ൽ ഉൾപ്പെടുത്തി ഏറ്റെടുക്കാൻ സാധിക്കുകയില്ല. അതു കൊണ്ട് ഈ പ്രവൃത്തി നബാർഡിന്റെ വരുംവർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നകാര്യം പരിഗണിക്കുന്നതാണ്.

കുളങ്ങളുടെ സംരക്ഷണം

109 (706) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷേത്രക്കുളങ്ങൾ, ചിറകൾ, ഏലാതലക്കുളങ്ങൾ എന്നിവ വൃത്തിയാക്കുന്നതിനും സംരക്ഷിക്കുന്നതിനും നിലവിൽ ഏതൊക്കെ പദ്ധതികളാണുള്ളതെന്ന് വിശദമാക്കുമോ ;

(ബി) പുനലൂർ മണ്ഡലത്തിലെ ഏതൊക്കെ കുളങ്ങളാണ് ഈ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജലസേചന ആവശ്യങ്ങൾക്കായി കുളങ്ങളുടെ സംരക്ഷണത്തിനും, പുനരുദ്ധാരണത്തിനുമായി സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി 'കുളങ്ങളുടെയും, ടാങ്കുകളുടെയും പുനരുദ്ധാരണം' എന്ന പേരിലും പതിമൂന്നാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 'കുളങ്ങളുടെ സംരക്ഷണം' എന്ന പേരിലും പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു.

(ബി) പുനലൂർ നിയോജക മണ്ഡലത്തിലെ കാമൻകോട് ക്ഷേത്രക്കുളം, ആയിരവല്ലിച്ചിറ, കാക്കോട്ടിച്ചിറ, ഭൂതത്താൻ ക്ഷേത്രക്കുളം എന്നീ കുളങ്ങൾ 'കുളങ്ങളുടെയും, ടാങ്കുകളുടെയും പുനരുദ്ധാരണം' എന്ന പദ്ധതിയിലും, അനൻഗൂർച്ചിറ മട്ടത്തിൻക്കോണംചിറ, നെടിയറ ടാങ്ക്, ആലയമൺചിറ എന്നിവ പതിമൂന്നാം ധനകാര്യ കമ്മീഷനിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

പൈപ്പ്ലൈൻ റോഡിലെ കയ്യേറ്റങ്ങൾ

110 (707) ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാനത്ത് കുടിവെള്ളമെത്തിക്കുന്ന പൈപ്പ് ലൈൻ റോഡിലെ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത റോഡിലെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് കുടിവെള്ള പൈപ്പുകളെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കുടിവെള്ള പൈപ്പുകളുടെ സുരക്ഷയ്ക്ക് ഭീക്ഷണി ഉയർത്തുന്ന പ്രധാന കയ്യേറ്റങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിച്ചില്ലെങ്കിൽ ഉളവായേക്കാവുന്ന അപകട സാധ്യതകളെ സംബന്ധിക്കുന്ന റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ ഉള്ളടക്കം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. പ്രധാന കയ്യേറ്റം നടന്നിട്ടുള്ള വെള്ളയമ്പലം, അമ്പലംമുക്ക് റോഡിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന്റെ പ്രാരംഭ നടപടികൾക്കായി റവന്യൂ അധികാരികളുടെ സഹായത്തോടു കൂടി സർവ്വേ നടപടികൾ പൂർത്തീകരിക്കുകയും പൈപ്പ് ലൈൻ റോഡിൽ നടന്നിട്ടുള്ള എല്ലാ കയ്യേറ്റങ്ങളും റവന്യൂ അധികാരികളുടെ സഹായത്തോടെ അതിരുകൾ നിശ്ചയിച്ച് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ കനകനഗർ മുതൽ സാൽവേഷൻ ആർമി ജങ്ഷൻ വരെയും, കവടിയാർ മുതൽ നർമ്മദാ വരെയുമുള്ള സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. ടി പ്രദേശങ്ങളിലെ അനധികൃത കയ്യേറ്റങ്ങൾ പൊളിച്ചു മാറ്റുന്നതിന് ഇതിനോടകം നോട്ടീസ് നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം ആകെ തിട്ടപ്പെടുത്തിയിട്ടുള്ള 41 കയ്യേറ്റങ്ങളിൽ 12 എണ്ണം ഇതിനോടകം പൊളിച്ചു മാറ്റിയിട്ടുണ്ട്. 11 എണ്ണത്തിന് വിവിധ കോടതികളിൽ കേസ്സുകൾ നിലവിലുണ്ട്.

എല്ലാ കയ്യേറ്റങ്ങളും ഒഴിപ്പിക്കുന്നതിന് റവന്യൂ അധികാരികളുമായി ചേർന്ന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ഒരു സമഗ്ര വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) വെള്ളയമ്പലം കവടിയാർ റോഡിന്റെ വലതു വശത്തുള്ള ശാസ്തമംഗലം വില്ലേജിൽപ്പെട്ട ഷജിസ ഷക്കീർ, ശ്രീമതി ഷീബ ഈപ്പൻ എബ്രഹാം, ശ്രീ. എബി എബ്രഹാം, ശ്രീ കെ.ജി എബ്രഹാം, ശ്രീ. അബ്ദുൾ റഷീദ് എന്നിവരുടേതാണ്.

(സി) വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ഡി) വളരെ വർഷം പഴക്കമുള്ളതും പ്രതിദിനം 36 ദശലക്ഷം വെള്ളം അരുവിക്കരയിൽനിന്നും വെള്ളയമ്പലം ശുദ്ധീകരണശാലയിലേക്ക് പമ്പു ചെയ്യാൻ ശേഷിയുള്ള പൈപ്പുലൈനിൽ അനിഷ്ടകരമായ എന്തെങ്കിലും സംഭവിച്ചാൽ അനവധി പേരുടെ ജീവഹാനി ഉൾപ്പെടെ വളരെയധികം കഷ്ടനഷ്ടങ്ങൾ ഉണ്ടാകുമെന്നതാണ് റിപ്പോർട്ടിലെ പ്രധാന ഉള്ളടക്കം.

LIBRARY ARCHIVES Kerala Legislative Assembly